Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്--കോഴിക്കോട് കോർപ്പറേഷൻ വാർഡ് 10-ൽ 10.3.12-ൽ ഉണ്ടായ അഗ്നിബാധയിൽ കത്തി നശിച്ച ഭാരത് ഹോട്ടൽ പൂർവ്വസ്ഥാനത്ത് പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ ഇളവ് നൽകുന്നതിന് പ്രത്യേക അനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്**

**സ.ഉ (കൈ) നം 227/2013/തസ്വഭവ തിരുവനന്തപുരം, തീയതി 21.6.2013**

---

പരാമർശം:- 1) 15.10.07-ലെ ജി ഒ (എം എസ്) 239/2007/തസ്വഭവ
2) കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 14.11.12-ലെ റ്റി പി5-95253/12 നമ്പർ കത്ത്
3) ശ്രീ .സത്യനാഥൻ സമർപ്പിച്ച 14.1.2013-ലെ നിവേദനം.

ഉത്തരവ്

കോഴിക്കോട് കോർപ്പറേഷൻ വാർഡ് 10-ൽ ബ്ലോക്ക് 3 റീ . സർവ്വെ നമ്പർ 77/1 എ 2 -ൽ പാളയത്തിനു സമീപം നാഷണൽ ഹൈവേക്ക് പടിഞ്ഞാറ് വശത്ത് സ്ഥിതി ചെയ്യുന്ന ശ്രീ.സത്യനാഥൻെറ ഉടമസ്ഥതയിലുള്ള ഭാരത് ഹോട്ടൽ കെട്ടിടം 10.3.2012-ൽ ഉണ്ടായ അഗ്നി ബാധയിൽ കത്തി നശിക്കുകയുണ്ടായി. ആയത് പുനർ നിർമ്മിക്കുന്നതിന് ശ്രീ.സത്യനാഥൻ സമർപ്പിച്ച അപേക്ഷയിൽ, പരാമർശ നിർമ്മാണം നിലവിലുള്ള 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടപ്രകാരം പരിഗണിയ്ക്കാൻ നിർവ്വാഹമില്ലെന്നും നിർദ്ദിഷ്ട നിർമ്മാണം ചട്ടം 24, 25, 26, 31 എന്നിവ ലംഘിക്കുന്നുണ്ടെന്നും ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടത്തിൽ ഇളവ് നൽകി പ്രത്യേക കേസ്സായി പരിഗണിച്ച് പുനർ നിർമ്മാണത്തിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. കോഴിക്കോട് നഗരസഭയിൽ സമർപ്പിച്ച അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് നിർമ്മാണത്തിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ശ്രീ സത്യനാഥനും സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

3. തീ പിടുത്തം, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലം കെട്ടിടങ്ങൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ അവ പുനർ നിർമ്മിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് അനുവദിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ, ഇതിനു

സമാനമായി പരാമർശം (1) പ്രകാരം കോഴിക്കോട് എസ് എം സ്ട്രീറ്റിൽ തീപിടുത്തത്തിൽ നശിച്ച കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകളുടേയും പരാമർശം (1) ലെ ഉത്തരവിൻേറയും വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സത്യനാഥൻെറ ആവശ്യം ഒരു പ്രത്യേക കേസായി പരിഗണിച്ചും കോഴിക്കോട് നഗരസഭയുടെ ശുപാർശ പ്രകാരവും പുനർ നിർമ്മിക്കുന്ന കെട്ടിടത്തിൻെറ പ്ളിന്ത് ഏര്യയിൽ മുൻപുണ്ടായിരുന്നതിൽ നിന്നും വ്യതിയാനം ഉണ്ടായിരിക്കുവാൻ പാടില്ലെന്ന വ്യവസ്ഥയോടെ ചട്ടങ്ങളിൽ ഇളവുനൽകി 10.3.2012-ലെ അഗ്നിബാധയിൽ കത്തിനശിച്ച കോഴിക്കോട് കോർപ്പറേഷൻ വാർഡ് 10-ൽ റീ സ. നമ്പർ 77/1-എ2-ൽ പ്പെട്ട ഭാരത് ഹോട്ടൽ പുനർ നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. രാജൻ ഖൊബ്രഗഡെ
ഗവൺമെൻറ് സെക്രട്ടറി

ശ്രീ. പി. സത്യനാഥൻ,
പുഷ്പം, പൈപ്പ്ലൈൻ റോഡ് , കുതിരവട്ടം. പി. ഒ
കോഴിക്കോട് -673 016
ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ